(സി) ജീവിതകാലം മുഴുവൻ ഡയാലിസിസിനു വിധേയനാകേണ്ടിവരുന്ന ഒരു രോഗിക്ക് പെർമനന്റ് ആക്സസായ 'എ.വി. ഫിസ്റ്റുല' സർക്കാർ മെഡിക്കൽ കോളേജുകളിൽ വിജയകരമായി ചെയ്യാൻ സാധിക്കുന്നുണ്ടോ ; ഇക്കാര്യത്തെക്കുറിച്ച് വിശദമായ ഒരു പഠനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലുമായി പ്രതിദിനം ശരാശരി 60 രോഗികൾക്ക് ഡയാലിസിസ് നടത്തുന്നുണ്ട്.

(ബി) ഡയാലിസിസ് തുടങ്ങുന്നതിനുമുമ്പ് എല്ലാ രോഗികൾക്കും Hepatitis B, Hepatitis C, HIV, Blood Urea, S.Creatinine, S.Sodium, S.Potassium, S.Hemoglobin തുടങ്ങിയ പരിശോധനകൾ ആവശ്യമാണ്. സ്ഥിരം ഡയാലിസിസ് രോഗികൾക്ക് എല്ലാ മാസവും Hemoglobin, Blood Urea, S.Creatinine, S.Sodium, S.Potassium, S.Calcium, S.Phosphorus, S.Uric Acid, Liver Function Test തുടങ്ങിയ പരിശോധനകൾ ആവശ്യമാണ്. ഇവരിൽ ചിലർക്ക് Erythropoetn, Iron തുടങ്ങിയ ഇൻജക്ഷൻ മരുന്നുകൾ ആവശ്യമായി വരും.

(സി) ഉണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും കാർഡിയോ വാസ്കുലർ സർജറി വിഭാഗത്തിൽ എ.വി. ഫിസ്റ്റുല വിജയകരമായി നടത്തിവരുന്നുണ്ട്. ജനറൽ സർജറി, പ്ലാസ്റ്റിക് സർജറി, യൂറോളജി വിഭാഗങ്ങളിലെ ഡോക്ടർമാരും ഇതിനായി പ്രാവീണ്യം നേടിയവരാണ്.

ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സുകൾ

102 (6807) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(ബി) പുകയില, പാൻമസാല പോലുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബോധവൽക്കരണത്തിനായി ഡെന്റൽ ഹൈജീനിസ്റ്റുകളെ എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഓറൽ ഹെൽത്ത് കൗൺസിലർമാരായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) സമഗ്ര ആരോഗ്യനയത്തിൽ ദന്താരോഗ്യവും ഉൾപ്പെടുത്തുന്നതിനും ആരോഗ്യസർവ്വകലാശാലക്കുകീഴിൽ ഡന്റൽ ഹൈജീൻ ബാച്ചിലർ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ ജോലി പരിഷ്കരിക്കുന്നതിനുവേണ്ടി തിരുവനന്തപുരത്തെ തൈക്കാട്ടുള്ള കേരള സ്റ്റേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഹോമിയോ വെൽഫെയർ പ്രിൻസിപ്പാൾ ആയിരുന്ന ഡോ. വി. മോഹനൻ നായർ അധ്യക്ഷനായ കമ്മീഷനെ നിയമിച്ചിരുന്നു. ടി കമ്മീഷന്റെ റിപ്പോർട്ട്, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശകളോടെ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. സർക്കാർ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ (ഡെന്റൽ ഫൈസിനിസ്റ്റുമാരുടെ ഉൾപ്പെടെ) പരിഷ്കരിക്കുന്നതിന് സർക്കാർ ശമ്പള കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്.

(ബി) പുകയില, പാൻമസാല തുടങ്ങിയവയ്ക്ക് എതിരായ ബോധവത്ക്കരണം നിലവിൽ ആരോഗ്യ വകുപ്പിലെ ഹീൽഡ് വിഭാഗം ജീവനക്കാരും മറ്റും നൽകിവരുന്നുണ്ട്.

(സി) സമഗ്ര ആരോഗ്യനയം രൂപരേഖ തയ്യാറാക്കുന്നതിന് ഡോ. ബാലരാമൻ നായർ അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

കാസർഗോഡ് ജില്ലയിലെ ഹോമിയോ ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ

103 (6808) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ഹോമിയോ ഫാർമസിസ്റ്റുകളുടെ തസ്തികയാണ് കാസർഗോഡ് ജില്ലയിൽ അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും അതിൽ എത്ര എണ്ണമാണ് നിലവിൽ ഒഴിഞ്ഞുകിടക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഹോമിയോ ഫാർമസിസ്റ്റുമാരുടെ ഒഴിവുകളിലെ നിയമനം സംബന്ധിച്ച വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 27 ഹോമിയോ ഫാർമസിസ്റ്റ് തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. അതിൽ 18 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. നിലവിലുള്ള 18 ഒഴിവുകളിൽ 14 സ്ഥാപനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) ഹോമിയോ ഫാർമസിസ്റ്റ് തസ്തികയിൽ 50% ഒഴിവ് പി.എസ്.സി. വഴിയും 50% പ്രൊമോഷൻവഴിയും ആണ് നികത്തുന്നത്. നിലവിലുള്ള 18 ഒഴിവുകളിൽ 5 എണ്ണം ഒഴികെ ബാക്കിയുള്ളവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്ന് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly